തികച്ചും അപര്യാപ്തമാണ്, പ്രായോഗിക രംഗത്ത് ഈ നിയമത്തിന് പ്രസക്തിയില്ലാതായിത്തീർന്നിരിക്കുന്നു. ഇന്ന് ഈ നിയമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ട്രൈബ്യൂണൽ തന്നെ അസന്നിഗ്ദ്ധമായി ഈ സഭയിൽ അവതരിപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. മാത്രമല്ല ഒരു കൊല്ലക്കാലമായി അവർക്കാകെ കിട്ടിയത് മൂന്ന് ഹർജിയാണെന്നും ആ മൂന്ന് ഹർജിയിലും കാര്യമായിട്ടൊന്നുമില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. പിന്നെ ആകെക്കൂടി പൊതുജനശ്രദ്ധയെ ആകർഷിച്ചെന്ന് പറയാവുന്ന ഒരു സംഗതി മുൻ ഏകാറെസസ് വകുപ്പുമന്ത്രി ശ്രീ. ശ്രീനിവാസന്റെ പേരിൽ വന്ന ഒരു ആരോപണമാണ്. അതിന്റെ പ്രാഥമികഘട്ടം ഇൻ-ക്യാമറാ സെഷനായി നടത്തിയെങ്കിലും മുഖ്യമന്ത്രിയുടെ ഒരു പൊടിക്കൈ പ്രയോഗത്താൽ ശ്രീ. ശ്രീനിവാസൻ നിഷ്ക്കാസിതനായി. അത് ആ നിയമത്തിന്റെ ഗുണം കൊണ്ടുണ്ടായതല്ല, ശ്രീനിവാസന്റെ കഷ്ടകാലം കൊണ്ടും, മുഖ്യമന്ത്രിയുടെ അന്നത്തെ ആവശ്യം കൊണ്ടും, പാവപ്പെട്ട ശ്രീനിവാസൻ രാജിവച്ച് പോകുകയാണ് ചെയ്തത്.

അതുപോലെ അറിയാതെ ഒരു അബദ്ധത്തിൽ ഉമ്മൻ മാത്യുവും പെട്ടുപോയി. ഇത് രണ്ടും നിയമത്തിന്റെ സ്വഭാവവിശേഷംകൊണ്ടല്ല രാഷ്ട്രീയമായ കാരണങ്ങളാലാണ്. നിയമം ഇന്നും തികച്ചും അപര്യാപ്തമാണ്. സർ, ഈ രാജ്യത്ത് ഏറ്റവും വിലകുറഞ്ഞിരിക്കുന്നത് ഇന്നത്തെ പൊതുപ്രവർത്തകർക്കാണ്. ഞങ്ങളൊക്കെ സ്വാതന്ത്ര്യസമരത്തിലൊക്കെ പങ്കെടുത്തിരുന്ന കാലത്ത് വളരെ ബഹുമാനത്തോടുകൂടിയാണ് നാട്ടുകാർ ഞങ്ങളെ കണ്ടിരുന്നത്. എന്നാൽ ഇന്ന് ഒരു പൊതുപ്രവർത്തകനെന്ന് പറഞ്ഞ് റോഡിലിറങ്ങി നടന്നാൽ ഞങ്ങൾക്ക് അങ്ങേയറ്റം ബഹുമാനമില്ലാതായിരിക്കുന്നു. രാഷ്ട്രീയപ്രവർത്തകരെന്നുപറഞ്ഞാൽ ജനങ്ങളുടെ ഇടയിൽ പുച്ഛവും, അങ്ങേയറ്റം അറപ്പും ഉളവാക്കുന്ന ഒരു സംഭവവികാസമാണ് ഇന്ന് നിത്യേന ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പൊതുപ്രവർത്തകൻമാർ സത്യസന്ധൻമാരല്ലാത്തവരായി മാറിയിട്ടുണ്ട്. പൊതുപ്രവർത്തകർ സത്യസന്ധമായി കാര്യങ്ങളും കൈകാര്യം ചെയ്ത ഒരു രീതിയും നമ്മുടെ നാട്ടിലുണ്ടായിരുന്നിട്ടുണ്ട്. പഴയ തലമുറയെല്ലാം മൺമറഞ്ഞ് പോയിക്കൊണ്ടിരിക്കുകയാണ്. ഞാൻ വളരെ ഹൃദയവേദനയോടുകൂടി പറയുകയാണ്, ഈ ദുഃസ്ഥിതിക്ക് ഒരു മാറ്റം വരുത്തണം. രാഷ്ട്രീയം ഒരു ബിസിനസ്സാക്കിയ കുറെ രാഷ്ട്രീയ കക്ഷികളും ഈ രംഗത്ത് വന്നതാണ് ഇതിന് പ്രധാന കാരണം. ഈ രോഗം അവസാനിപ്പിക്കുക എന്നുള്ള.....

(ചർച്ച തുടരും)

(3) 1985-ലെ കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) ബിൽ

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ ഈ നിയമസഭാ സമ്മേളനം തുടങ്ങിയ അന്നു മുതൽ ഈ ബില്ലുമായിട്ട് വരാൻ തുടങ്ങിയതാണ്. എല്ലാദിവസവും മൂന്ന് മിനിട്ട് കിട്ടിയെന്ന് പറയും, പക്ഷേ യാതൊരു ഗുണവും കിട്ടുന്നില്ല. ഒരു ചെറിയ കാര്യത്തിനുവേണ്ടി ശ്രീമതി കമലവും, ഞാനും കൂടി തർക്കമുണ്ടാകേണ്ട കാര്യമുണ്ടോ ? ശ്രീമതി കമലം ഒരു അഡ്ജസ്റ്റ്മെന്റ് ഉണ്ടാക്കുമെങ്കിൽ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാം. മന്ത്രിക്ക് പറയാനുള്ളത് പറഞ്ഞാൽ മതി. ഞാൻ അഡ്ജസ്റ്റ്മെന്റിനു തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എ. കമല) : സർ, ശ്രീ. പി. സി. ജോർജ് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിൽ, ഒരു സംഘത്തിലെ ഒരു ഭരണസമിതി അംഗം അദ്ദേഹം ആർക്കെങ്കിലും ജാമ്യം നിൽക്കുകയാണെങ്കിൽ മൂന്നുമാസത്തിലധികം കുടിശ്ശിക വന്നുപോയാൽ അദ്ദേഹത്തെ ഡീഫാക്ടർ ആയിട്ട് തീരുമാനിക്കും, അതിനുമുമ്പ് അദ്ദേഹത്തിന് നോട്ടീസ് കൊടുക്കണമെന്നുള്ളതാണ്. ഒരു സംഘമെന്നു പറഞ്ഞാൽ ആ ഗ്രാമത്തിലെ ജനങ്ങളുടെ ജീവനെറയും രക്തത്തിനെറയും ഭാഗമാണ്. അവരുടെ ഹൃദയത്തുടിപ്പാണ് ഒരുസംഘം. ആ സംഘത്തിലെ നടപടി ക്രമങ്ങളും പരിശോധിക്കാൻ ഡയറക്ടർക്ക് പൂർണ്ണമായും ചുമതലയുണ്ട്. സാധാരണ ഗതിയിൽ റിക്കവറി ഓഫ് ലോൺസ്, പീരിയോഡിക്കൽ റവ്യൂ ഇതൊക്കെ ശരിക്കും ഒരു സംഘത്തിലെ ഡയറക്ടർ അറിഞ്ഞിരിക്കണം. അങ്ങനെയുള്ള ഒരാൾ സാധാരണ ഒരു അംഗത്തിന് ജാമ്യം നില്ക്കുകയും കുടിശ്ശികക്കാരനായി മാറുകയും ചെയ്താൽ അദ്ദേഹത്തിന് നോട്ടീസ് കൊടുക്കണമെന്നു പറയുന്നതിനോട് ഗവൺമെൻറിന് യോജിക്കാൻ വിഷമമുണ്ട്. ഇന്ന് പുതിയ സഹകരണനിയമം തയ്യാറായി നിയമവകുപ്പ് അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അന്തിമമായ ഡ്രാഫ്റ്റ് തയ്യാറായിക്കൊണ്ടിരിക്കുകയാണ്.

അതുകൊണ്ട് ഇത് പരിശോധിക്കാം. ശ്രീ. പി. സി. ജോർജിന് വിഷമമില്ലാത്ത രീതിയിൽ കാര്യങ്ങൾ തീർക്കാം. ബില്ല് പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(4) 1985-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ കൂടുതൽ സ്വകാര്യ സ്കൂളുകൾ അനുവദിക്കുന്നതിന് എതിരായി ഗവൺമെൻറിൻെറ പ്ലാനിംഗ് ബോർഡ് ശക്തമായ മുന്നറിയിപ്പാണ് നൽകിയിട്ടുള്ളതെങ്കിലും കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ പുതിയതായി കൂടുതൽ കൂടുതൽ സ്വകാര്യ വിദ്യാലയങ്ങൾ അനുവദിക്കുന്നതിന് എതിരായിട്ടാണ് ഇന്ന് ഈ ഭേദഗതി ബിൽ ഞാൻ അവതരിപ്പിച്ചിട്ടുള്ളത്.

സർ, ഇവിടെ അൺഎയിഡഡ് സ്കൂളുകളാണ് കൂടുതലായി അനുവദിച്ചുകൊണ്ടിരിക്കുന്നത്. ഈ വർഷം തന്നെ 150 അൺഎയിഡഡ് സ്കൂളുകളാണ് അനുവദിക്കാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുള്ളത്. അൺഎയിഡഡ് സ്കൂളിൽ ഒരു കുട്ടിയെ പഠിപ്പിക്കുകയെന്നതുതന്നെ വലിയ സാമ്പത്തിക ഭാരമാണ്. നമ്മുടെ രാഷ്ട്രീയ പ്രവർത്തകർ പോലും അൺഎയിഡസ് സ്കൂളുകൾക്ക് പ്രോൽസാഹനം കൊടുക്കുന്നൊരു സമീപനം കേരളത്തിൽ ഇന്ന് സ്വീകരിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇത് ഖേദകരമായ ഒരു വസ്തുതയാണ്. ഈ അൺഎയിഡഡ് സ്കൂളുകളെ രാഷ്ട്രീയപ്രവർത്തകരെങ്കിലും ബഹിഷ്കരിച്ചുകൊണ്ട് ഒരു മാതൃക കാണിക്കണം. ഞങ്ങളുടെ പാർട്ടി, കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി ഒരു തീരുമാനം എടുത്തിട്ടുണ്ട്. പാർട്ടിയുടെ സംസ്ഥാന കമ്മറ്റികളിലും ജില്ലാകമ്മറ്റികളിലുമുള്ള മെമ്പർമാരുടെ കുട്ടികളെ ഈ അൺഎയിഡഡ് സ്കൂളുകളിൽ അയയ്ക്കുകയില്ലാ എന്ന് ഞങ്ങളുടെ പാർട്ടി ഒരു തീരുമാനം എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly